**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28** — **07-06-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കോവിഡ് അടക്കമുള്ള വിവിധ ദുരന്തങ്ങൾക്കിടയിലും സാധാരണ ജനജീവിതം സുഗമമാക്കുംവിധം ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കി പ്രതിസന്ധികളെ ഫലപ്രദമായി നേരിട്ട് ഭരണത്തുടർച്ച നേടിയ ഈ അവസരത്തിൽ ജനകീയ ഇടപെടലുകളിലൂടെ ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളത്; | (ബി) | സ്ത്രീകളുടെയും വിധവകളുടെയും ഉന്നമനത്തിനും ശാക്തീകരണത്തിനു മായി അഭയ കിരണം, സഹായ ഹസ്തം, പടവുകൾ, അതിജീവിക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സ്ത്രീകളുടെ സുരക്ഷയ്ക്കായി രക്ഷാദൂത്, കാതോർത്ത്, POSH Act എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. വിധവകളുടെ ശാക്തീകര- ണത്തിനായി എല്ലാ ജില്ലകളിലും വിധവാ സെല്ലിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. "പൊതു ഇടം എന്റേയും" എന്ന ആപ്ത വാക്യം ലക്ഷ്യമാക്കി നൈറ്റ് വാക്കുകൾ സംഘടിപ്പിച്ചിട്ടുണ്ട്. തൊഴിൽ സ്ഥലത്ത് സ്ത്രീകൾക്ക് എതിരെ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് ഇന്റേണൽ കമ്മിറ്റികളും ലോക്കൽ കമ്മിറ്റികളും പ്രവർത്തിക്കുന്നു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വനിതകളെ വനിതാരത്ന പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നു. സ്ത്രീശാക്തികരണ പദ്ധതികളെ സംബന്ധിച്ചും സ്ത്രീ സുരക്ഷാ നിയമങ്ങളെ സംബന്ധിച്ചും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് സമൂഹമാധ്യമങ്ങൾ വഴി വ്യാപക പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നു. സ്ത്രീശാക്തീ കരണത്തിന്റെ ഭാഗമായി വകുപ്പ് മുഖാന്തിരം വിവിധ |

| | | | |
|---|---|---|---|
| | | | ബോധവത്ക്കരണ പരിപാടികൾ നടത്തി KSRTC വഴി വിവിധ ബോധവത്ക്കരണ സന്ദേശങ്ങൾ ബസ്സുകളിൽ പ്രദർശിപ്പിച്ച് കേരളത്തിലുടനീളം 70 ബസ്സുകളിൽ സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ, നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കു കയുണ്ടായി. വിവിധ FM Radio, facebook, youtube തുടങ്ങിയ സോഷ്യൽ മീഡിയ വഴി വിവിധ പോസ്റ്ററുകൾ, മെസ്സേജുകൾ എന്നിവ വഴി ശൈശവ വിവാഹം, സ്ത്രീധന സമ്പ്രദായം, വിവാഹ ധൂർത്ത്, തൊഴിലിടങ്ങളിൽ നടക്കുന്ന ലൈംഗികാതിക്രമം എന്നിവയ്ക്കെതിരെ യുള്ള ബോധവത്ക്കരണ സന്ദേശങ്ങൾ പൊതുജനങ്ങളിൽ എത്തിച്ചിട്ടുണ്ട്. സ്ത്രീശാക്തീകരണത്തിനായി കുടുംബശ്രീ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കും. പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും. തദ്ദേശ സ്ഥാപന തലത്തിൽ തൊഴിൽ മേഖലയുടെ വികസനത്തിനായി നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കും. അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനായി 'അഗതി രഹിത കേരളം പദ്ധതി' മുഖേന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കും. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിപാലിക്കുന്നതിനായി ബഡ്സ് സ്കൂളുകളുടെ തുടങ്ങി സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള പദ്ധതികൾ ഊർജ്ജിതപ്പെടുത്തും. കുടുംബശ്രീയെ ശക്തിപ്പെടുത്തു ന്നതിനും കുടുംബശ്രീ മുഖേന സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രത്യേക ഇടപെടലുകൾ നടത്തി വരുന്നുണ്ട്. |
| (സി) | ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയടങ്ങിയ നവകേരള മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

- കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന് വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് നടപ്പിലാക്കിക്കൊണ്ട് ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കൈയിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപയും ലഭ്യമാക്കും.
- എല്ലാ സിഎച്ച്സി, താലൂക്ക്; ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഒരു കേന്ദ്രത്തിന് ഏകദേശം മൂന്ന് കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഏകദേശം 63645 കോടി രൂപ ഇതിനാവശ്യം വരും. ഇതിനായി എം.എൽ.എ മാരുടെ വികസന ഫണ്ടിൽനിന്ന് പണം കണ്ടെത്തുവാൻ ശ്രമിക്കുന്നതാണ്.
- എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും നിലവിലുള്ള ഓട്ടോക്ലേവ് റൂം സിഎസ്എസ്ഡിയാക്കി (CSSD) മാറ്റാൻ ഉദ്ദേശിക്കുന്നു.
- 18 വയസ്സിന് മുകളിലുള്ള എല്ലാവർക്കും സൗജന്യ വാക്സിൻ ലഭ്യമാക്കും വാക്സിൻ വിതരണത്തിന് കുറ്റമറ്റ സംവിധാനം ആസൂത്രണം ചെയ്യും.
- പ്രാഥമിക സഹകരണ സംഘങ്ങളെയും വണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തികൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കും.
- തീരദേശ ദുരിതാവസ്ഥ പരിഹരിക്കുന്നതിനായി അടിയന്തിര പ്രാധാന്യമുള്ള ആശ്വാസ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കും.
- കോവിഡ് 19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ടവരെയും ചെറുപ്പക്കാരെയും കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്നതിനും കർഷകരുടെ ഉത്പ്പന്നങ്ങൾക്ക് ന്യായ വില ഉറപ്പവരുത്തുതിനും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാർഷിക വികസന കർഷകക്ഷേമ വകുപ്പിനെ നവീകരിക്കും.
- പൊതു കമ്പോളത്തിലെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് 70 പുതിയ വില്പനശാലകൾ സിവിൽ സപ്ലൈസ് വകുപ്പ് ആരംഭിച്ചു. 97 വില്പനശാലകളെ അപ്ഗ്രേഡ് ചെയ്തു. സിവിൽ സപ്ലൈസ് കോർപ്പറേഷനെയും

കൺസ്യൂമർഫെഡിനെയും ശക്തിപ്പെടുത്തും. സഹകരണ സംഘങ്ങളുടെ അതിവിപുലമായ ശൃംഖലയെ ഉത്സവകാലത്തെ കമ്പോള ഇടപെടലിന് ഉപയോഗപ്പെടുത്തും. സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കും.

- കോവിഡ് മഹാമാരിയുടെ ദുരിതം ലഘൂകരിച്ച് സംസ്ഥാനത്തെ എല്ലാവർക്കും ഭക്ഷ്യ സാധനങ്ങൾ എത്തിക്കുന്നതിൽ ഭക്ഷ്യ പൊതു വിതരണ വകുപ്പ് നിർണ്ണായക പങ്ക് വഹിച്ചു. റേഷൻ വിതരണത്തോടൊപ്പം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 17 അവശ്യസാധനങ്ങൾ അടങ്ങിയ ഭക്ഷ്യ കിറ്റ് വിതരണത്തിന് സപ്ലൈകോയും റേഷൻ കടകളും സവിശേഷ പ്രധാന്യം നൽകി. കേരളത്തിലെ റേഷൻകട ശൃംഖലയെ നവീകരിക്കുന്നതിന്റെ ഭാഗമായി end to end കമ്പ്യൂട്ടറൈസേഷൻ, ഇപോസ് മെഷീനുകൾ, വാതിൽപ്പടി വിതരണം എന്നിവ നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം ഏത് കാർഡ് ഉടമയ്ക്കും ഏത് റേഷൻകടയിൽ നിന്നും സാധനങ്ങൾ വാങ്ങാം. പരാതി പരിഹാര സംവിധാനവും ആരംഭിച്ചിട്ടുണ്ട്.
- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിസ്തുലമായ സേവനമാണ് കാഴ്ച വച്ചത്. ക്വാറന്റൈൻ കേന്ദ്രങ്ങൾ, CFLTC, CSLTC, DCC തുടങ്ങിയവയിലൂടെ രോഗവ്യാപനം തടയുന്നതിന് രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ, പരിചരണം, മരുന്ന്, ഭക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. വാർഡ് തല കമ്മിറ്റികൾ, ദ്രുതകർമ്മ സേനകൾ, സന്നദ്ധ പ്രവർത്തകർ, യുവജന സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ച് രോഗപ്രതിരോധം സാദ്ധ്യമാക്കാനും കഴിഞ്ഞു.
- അതിദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- കുടുംബശ്രീയുടെ ഭാഗമായി ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് പുതിയ ജീവനോപാധികൾ കണ്ടെത്താൻ ആവശ്യമായ പരിശീലനം നൽകുന്നതിനും സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്നതിനും നിലവിലുള്ള പ്രത്യേക ഉപജീവന പാക്കേജ് നടപ്പിൽ വരുത്തും.
- കുടുംബങ്ങളിലെ യുവതികളുടെ പ്രാതിനിധ്യം കുടുംബശ്രീയിൽ ഉറപ്പുവരുത്തുന്നതിനായി ഈ വർഷം 10,000 ഓക്സിലറി അയൽക്കൂട്ട യൂണിറ്റുകൾ ആരംഭിക്കും.
- വിഷരഹിത ഭക്ഷണം ജനങ്ങളുടെ അവകാശം എന്ന ആശയത്തോടെ വിഷരഹിത നാടൻ പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ മാത്രം

ഉത്പാദിപ്പിക്കുന്ന തദ്ദേശീയരായ കർഷകരിൽ നിന്നും അവ സംഭരിച്ച് കുടുംബശ്രീ സ്വയംസഹായ സംഘങ്ങളുടെ സ്റ്റോറുകൾ മുഖേന വിപണനം നടത്തുന്നതാണ്. ഇത് കർഷകരെ നല്ല കൃഷിമുറകൾ നടത്തുവാൻ പ്രേരിപ്പിക്കുകയും അവർക്ക് ഇതിലൂടെ ന്യായമായ വില ഉറപ്പവരുത്തുവാൻ സാധിക്കുന്നതുമാണ്. കൂടാതെ ഉപഭോക്താക്കൾക്ക് നല്ലനാടൻ പച്ചക്കറികൾ മിതമായ വിലയ്ക്ക് ലഭ്യമാകുകയും ചെയ്യും. പ്രസ്തുത സ്റ്റോറുകൾ ആരംഭിക്കുന്നതിന് ആവശ്യമായ വാഹനങ്ങൾ, സ്റ്റോർ നവീകരണം എന്നിവയ്ക്ക് കേരള ബാങ്ക് വായ്പ അനുവദിക്കുന്നതാണ്. കൃത്യമായ വായ്പാ തിരിച്ചടവിന് 2 മുതൽ 3 ശതമാനം വരെ സബ്സിഡി അനുവദിക്കുന്നതാണ്.

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെയും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കും.
- ഓൺലൈൻ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി 10 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ KSFE മുഖേന 2 ലക്ഷം ലാപ് ടോപ്പ് വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.
- തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതിന് പ്രാപ്തരാക്കുന്നതിനുമുള്ള പുന:രധിവാസ പദ്ധതിയാണ് Norka Self Employment Scheme.
- കൃത്യതയാർന്ന ഭൂരേഖയും അനുബന്ധ സേവനങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് CORS ടെക്നോളജി അടിസ്ഥാനമാക്കി ഒരു ഡിജിറ്റൽ റീ-സർവ്വെ ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സമയബന്ധിതമായി പൂർത്തികരിക്കുന്നതായിരിക്കും.
- സർക്കാർ സേവനങ്ങൾ വേഗത്തിലാക്കുന്നതിന് എല്ലാ വകുപ്പുകളിലും ഇ-ഓഫിസ്, ഇ-ഫയൽ സംവിധാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.
- സാമൂഹ്യസുരക്ഷാ പെൻഷനുകൾ കാലാനുസൃതമായി വർദ്ധിപ്പിക്കുകയും അർഹതപ്പെട്ടവർക്കെല്ലാംതന്നെ സാമൂഹ്യസുരക്ഷാ പെൻഷനുകൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ